
# വയലറ്റ് കുക്കു



**കൃഷ്ണ അനുജൻ**

# ആരുടെതാണീ കാടുകൾ?

തെക്കൻ ആൻഡമാനിലെ വണ്ടൂരിൽ വേലിയിറക്കമുള്ള ചില സന്ധ്യകളിൽ ഞങ്ങളുടെ ഫീൽഡ് സ്റ്റേഷനടുത്തുള്ള കടപ്പുറത്തിരുന്ന് അസ്തമയം കാണാൻ എനിക്കിഷ്ടമാണ്. നായ്ക്കളും ഞാനും കൂടി കടൽത്തീരം തെക്കോട്ട് വളയുന്നിടംവരെ മണലിലൂടെ നടന്ന് ആ മൂലയിലുള്ള ഒരു ജോഡി പാറകളിലെത്തും. വേലിയിറക്കസമയത്ത് ഈ പാറകൾവരെ നടന്നെത്താൻ എളുപ്പമാണ്. എന്നെ ഇവിടേക്കെത്തിച്ച അവിശ്വസനീയമായ ഭാഗ്യാതിരേകത്തെക്കുറിച്ച് പാറപ്പുറത്ത് കയറിയിരുന്ന് ഞാൻ ചിന്തിക്കവേ ആകാശം നീലയിൽനിന്ന് ഓറഞ്ചിലേക്കും പിന്നെ ഇളംചുവപ്പിലേക്കും നീങ്ങും. അങ്ങനെയിരിക്കെ ഒരുനാൾ ഞാൻ ആബെർഡീൻ യുദ്ധത്തെക്കുറിച്ച് കേൾക്കാനിടയായി.

ആബെർഡീൻ 'യുദ്ധം' നടന്നത് ഇന്ന് പോർട്ട്ബ്ളെയറിലെ ആബെർഡീൻ ബസാർ സ്ഥിതിചെയ്യുന്ന ഭാഗത്ത് 1859-ലാണ്. മേയ് 17-ന് ഗ്രേറ്റ് ആൻഡമാനീസ് ഗോത്രത്തിൽപ്പെട്ടവരുടെ (തെക്കൻ ആൻഡമാനിൻെറയും അയൽദ്വീപുകളുടെയും മിക്കഭാഗങ്ങളിലും വസിച്ചിരുന്ന തദ്ദേശീയ ജനത) ഒരു പട അമ്പുകളും വില്ലുകളും മാത്രം ആയുധമാക്കിക്കൊണ്ട് ബ്രിട്ടീഷ് സാമ്രാജ്യത്തെ നേരിട്ടു. ആൻഡമാനീസ് ജനത ''അവരുടെ രാജ്യം വെട്ടിത്തെളിക്കുകയും പിടിച്ചെടുക്കുകയും ചെയ്യുന്നതിൽ രോഷാകുലരായതിനാൽ'' മുൻപും ഏതാനും കയ്യേറ്റങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് ഒരു ബ്രിട്ടീഷ് ഉദ്യോഗസ്ഥൻ രേഖപ്പെടുത്തിയിട്ടുണ്ട്. തടവുചാടി ആൻഡമാനീസ് പക്ഷത്ത് ചേർന്ന ദൂധ്നാഥ് തിവാരി എന്ന കുറ്റവാളി നേരത്തേതന്നെ താക്കീതുനൽകിയതിനാൽ മേയ് 17-ന് ബ്രിട്ടീഷുകാർ തയ്യാറെടുത്താണ് നിന്നത്. അതുകൊണ്ടുതന്നെ ഈ യുദ്ധം ആൻഡമാനീസ് ജനതയ്ക്ക് നിർണായകമായി. 15000 വരുന്ന ജനസംഖ്യയോടെ തെക്കൻ ആൻഡമാനിൻെറ അധികപങ്കും വാണിരുന്ന അവർ യുദ്ധത്തിനും വ്യാധികൾക്കുംശേഷം ഇന്ന്, സ്ട്രെയ്റ്റ് ഐലൻഡിൽ സർക്കാർ നൽകുന്ന ധനസഹായംകൊണ്ട് ജീവിക്കുന്ന 43 മനുഷ്യരിലേക്ക് ചുരുങ്ങിയിരിക്കുന്നു. എൻെറ അസ്തമയപ്പാറയിൽനിന്ന് പടിഞ്ഞാട്ട് നോക്കിയാൽ തിവാരിയെ ആൻഡമാനീസ് ജനത ആദ്യമായി സ്വീകരിച്ച താർമുഗ്ലി ദ്വീപ് കഷ്ടിച്ച് കാണാം. നടക്കാത്ത മോഹമാവാം-എങ്കിലും യുദ്ധം നടന്നില്ലായിരുന്നെങ്കിൽ ഇന്ന് ഈ പാറപ്പുറത്തുനിന്ന് താർമുഗ്ലി കാണുന്നുണ്ടോ എന്ന് കണ്ണിറുക്കി നോക്കുന്നത് എനിക്കുപകരം ഒരു ഗ്രേറ്റ് ആൻഡമാനീസ് വനിതയായേനെ. അസ്തമയത്തിൻെറ സന്തോഷത്തുടുപ്പ് എൻെറ കൺമുന്നിൽ വിഷാദച്ഛവിയാർന്ന കരിനീലിമയിലേക്ക് കലങ്ങിമായുന്നു.

ഭൂമി ഇപ്പോൾ കടന്നുപോയിക്കൊണ്ടിരിക്കുന്നത് ഒരു പുത്തൻ ഭൗമയുഗത്തിലൂടെയാണ്-ആന്ത്രോപോസീൻ. ഭൂമിയിൽ മനുഷ്യൻെറ സാന്നിധ്യം എല്ലാവിധ ആവാസവ്യവസ്ഥകളെയും പ്രത്യേകമായും മനപ്പൂർവമായും മാറ്റിമറിച്ചിട്ടുണ്ട്. 2007-ൽ പ്രസിദ്ധീകരിച്ച ഒരു ഗവേഷണം പറയുന്നത് കരയുടെ 17 ശതമാനം മാത്രമേ 'മനുഷ്യൻെറ നേരിട്ടുള്ള സ്വാധീന'ത്തിൽനിന്ന് രക്ഷപ്പെട്ടിട്ടുള്ളൂ എന്നാണ്. ജൈവവൈവിധ്യം കാത്തുസൂക്ഷിക്കാനും ആവാസവ്യവസ്ഥകളുടെ സമഗ്രത നിലനിർത്തുന്ന ആണിക്കല്ലുകളായ ചില ജീവജാതികളെ സംരക്ഷിക്കാനും കാർബൺ സമതുല ▶

▶ നം, ഭൂഗർഭജലസംരക്ഷണം തുടങ്ങിയവപോലുള്ള ആവാസവ്യവസ്ഥാസേവനങ്ങൾ കാത്തുവയ്ക്കാനും മിക്ക ഗവൺമെൻറുകളും സംരക്ഷിതമേഖലകൾ ഉണ്ടാക്കിയിട്ടുണ്ട്. പക്ഷേ, ഈ ഭൂമിയെല്ലാം തുടക്കത്തിൽ ആരുടെതായിരുന്നു? അവ ആളൊഴിഞ്ഞ ഇടങ്ങളായിരുന്നുവോ?

ഗവൺമെൻറുകൾ ഈ ഭൂവിഭാഗങ്ങളെ വേലികെട്ടിത്തിരിക്കുംമുൻപ് തദ്ദേശീയരായ ജനങ്ങൾ കാടുകളിൽ താമസിക്കുകയും ഭക്ഷണത്തിനും ജീവനോപായത്തിനുമായി വനവിഭവങ്ങൾ ഉപയോഗിക്കുകയും ചെയ്തുപോന്നിരുന്നു. പ്രാദേശികാടിസ്ഥാനത്തിൽ അവരായിരുന്നു ഭൂമിയുടെ കാര്യകർത്താക്കൾ–ചില സമയത്ത് നിയന്ത്രിതമായി കാടെരിക്കുകയും ഒരേയിടത്തല്ലാതെ മാറിമാറി കൃഷിചെയ്യുകയും തേൻ, പഴവർഗങ്ങൾ, മരുന്നുകൾ ഇവ ശേഖരിക്കുകയും ചെയ്തു അവർ. കാലാകാലങ്ങളായി ആവാസവ്യവസ്ഥകളുടെ സമഗ്രതയും അവർ ഭദ്രമായി നിലനിർത്തിപ്പോന്നു.

ആൻഡമാൻ നിക്കോബാർ ദ്വീപുകൾ ആറ് ഗോത്രവർഗങ്ങൾക്ക് സ്വന്തമാണ്–ഗ്രേറ്റ് ആൻഡമാനീസ് (അഞ്ച് ഗോത്രങ്ങളുടെ കൂട്ടം, ജനസംഖ്യ 43), ജാറവ (ജനസംഖ്യ 270), ഓങ്കെ (100), സെൻറിനെലീസ് (50-250 സെൻസസ് വിവരങ്ങളില്ല), ഷോംപെൻ (380), നിക്കോബാറീസ് (ഏകദേശം 30000). 2012-ൽ ആൻഡമാൻ നിക്കോബാർ ദ്വീപുകളിലെ ആകെ ജനസംഖ്യ 3.81 ലക്ഷമാണ്; അതിൽ

**തദ്ദേശീയ സമൂഹങ്ങൾ കാലാവസ്ഥയെ അതിൻെറ ചെറിയ വിശദാംശങ്ങളിൽപ്പോലും അറിയുകയും പ്രതികരിക്കുകയും ചെയ്യുന്നുണ്ട്. 2004-ലെ സുനാമിയിൽനിന്ന് ആൻഡമാനിലെ ജാറവകൾ രക്ഷപ്പെട്ട കാര്യം അവരെ ആഗോളശ്രദ്ധയിൽ കൊണ്ടുവന്നിരുന്നല്ലോ.**

മെയിൻ ലാൻഡിൽ ഇന്ത്യയിൽനിന്നുള്ള കുടിയേറ്റക്കാരാണ് അധികവും. നമ്മോട് കൂടുതൽ അടുത്തുള്ള പശ്ചിമഘട്ടത്തിലെ കാടുകൾ 35 പ്രധാന ആദിവാസിഗോത്രങ്ങൾക്ക് തറവാടാണ്; 2001-ലെ സെൻസസ് അനുസരിച്ച് ഇവർ 3.64 ലക്ഷത്തിലധികം വരും.

തങ്ങൾ നോക്കിനടത്തുന്ന ഭൂമിയെ സമാന്തരങ്ങളില്ലാത്ത അടുപ്പത്തോടെയും അതോടൊപ്പം വികാരത്തോടെയും അറിയുന്നവരാണ് തദ്ദേശീയ ജനത. ഈ സമൂഹങ്ങൾക്കുള്ളിലെ ആചാരങ്ങളും സംസ്കാരങ്ങളും അറിവുകളും ദേശത്തിൻെറയും അനുഭവത്തിൻെറയും ആഴമേറിയ ജ്ഞാനത്തിൽനിന്ന് ഉറപൊട്ടിയവയാണ്. കേരളത്തിലെയും തമിഴ്നാട്ടിലെയും കാടർ അവരുടെ കാടിൻെറ ഭൂമിശാസ്ത്രം അറിയുന്നത് ഭൂപടങ്ങളിലൂടെയല്ല, ജീവിതാനുഭവങ്ങളിലൂടെയാണ്. അടുത്തിടെ ഇറങ്ങിയ ഒരു ഗ്രാഫിക് ഓർമക്കുറിപ്പായ *വാക്കിങ് ഈസ് എ വേ ഓഫ് നോയിങ്* അവർ ഭൂമിയുടെ കിടപ്പ് കണ്ടറിയുന്നത്, നടപ്പ്, ഓർമിച്ചെടുക്കൽ, പ്രകൃത്യാ ഉള്ള വഴിയടയാളങ്ങളെക്കുറിച്ച് അന്യോന്യം അറിയിക്കൽ എന്നിവയിലൂടെയാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

ആൻഡമാനിലെ ജാറവ ഗോത്രക്കാരുടെ തേൻ ശേഖരണത്തിൻെറയും കുന്തംകൊണ്ടുള്ള മത്സ്യവേട്ടയുടെയും ഞണ്ടുപിടിത്തത്തിൻെറയുമെല്ലാം രീതികൾ കാലാകാലമായുള്ള പരമ്പരാഗത ജ്ഞാനവ്യവസ്ഥകളെ

## ആനയും കടുവയും മാത്രമല്ല!

**വ**ളരെക്കാലം ഇന്ത്യയിൽ വന്യജീവി സംരക്ഷണമെന്നാൽ കടുവയും ആനയുമായിരുന്നു– വലുപ്പവും സൗന്ദര്യവുമുള്ളവ. മനംകവരുന്ന ഈ മൃഗങ്ങൾ സംരക്ഷിതോദ്യാനങ്ങളിലും സംസ്ഥാന ദേശീയ കാര്യപരിപാടികളിലും യഥേഷ്ടം വിഹരിക്കുന്നു. എന്നാൽ ഇന്ത്യയിലെ വന്യജീവികളുടെ ഒരു വലിയപങ്ക് ഇപ്പോഴും ഈ



സിങ്ച്ചുങ് ബുഗുൻ കമ്യൂണിറ്റി റിസർവിലെ ജീവനക്കാർ

ഉദ്യാനങ്ങൾക്ക് പുറത്ത് പാർശ്വവത്കൃതരായ ജനങ്ങളുമായി തൊട്ടുരുമ്മിയാണ് ജീവിക്കുന്നത്. 2018-ൽ ഉമേഷ് ശ്രീനിവാസനും നന്ദിനി വെല്ലോയും എഡിറ്റ് ചെയ്ത് ഓറിയൻറ് ബ്ലാക്സ്വാൻ പ്രസിദ്ധീകരിച്ച *കൺസർവേഷൻസ് ഫ്രം ദി മാർജിൻസ്* പാർശ്വവത്കൃതമായ ഇടങ്ങളെയും മനുഷ്യരെയും കേന്ദ്രീകരിച്ചുള്ള പ്രകൃതിസംരക്ഷകപ്രവർത്തകരുടെ അനുഭവങ്ങളും അറിവുകളുമാണ് രേഖപ്പെടുത്തുന്നത്.

ജാർഖണ്ഡിലെ പലമാവു കടുവസങ്കേതംമുതൽ ഇന്ത്യയുടെ തീരപ്രദേശങ്ങളിലെ മത്സ്യബന്ധനപ്രദേശങ്ങൾവരെ (മറൈൻ ഫിഷറീസ്) വ്യത്യസ്തങ്ങളായ ഭൂമികകൾ ഈ പുസ്തകം പരിശോധിക്കുന്നുണ്ട്. സംരക്ഷണ ജീവശാസ്ത്രജ്ഞരായ (കൺസർവേഷൻ ബയോളജിസ്റ്റ്) ഡോ. ശ്രീനിവാസനും ഡോ. വെല്ലോയും കഴിഞ്ഞ ഒരുപതിറ്റാണ്ടായി അരുണാചൽപ്രദേശിലെ കാടുകളിൽ സജീവഗവേഷണങ്ങൾ നടത്തിവരുകയാണ്.

അരുണാചൽപ്രദേശിലെ പടിഞ്ഞാറൻ കാമെങ്ങിൽ സിങ്ച്ചുങ് ബുഗുൻ കമ്യൂണിറ്റി റിസർവ് സ്ഥാപിക്കുന്നതിൽ മറ്റുള്ളവരോടൊപ്പം ഇവരും സുപ്രധാനമായ പങ്കുവഹിച്ചിട്ടുണ്ട്. ■



ആമസോൺ കാടുകളിൽ അഗ്നിപടർന്നപ്പോൾ

ഫോട്ടോ: എ.എഫ്.പി.

അടിസ്ഥാനപ്പെടുത്തിയവയാണ്. ലഭിക്കുന്ന പ്രകൃതിവിഭവങ്ങളെക്കുറിച്ച് തദ്ദേശീയ ജനതയ്ക്ക് മൂല്യബോധവും ജ്ഞാനവുമുണ്ട്. ഇന്ന് സോഷ്യൽ മീഡിയ ദിനംപ്രതി 'സൂപ്പർ ഫുഡു'കളെ കൊണ്ടാടുന്നുണ്ട് – ആൻറി ഓക്സിഡൻറുകൾ കൊണ്ടോ, വിറ്റാമിനുകളോ മിനറലുകളോ കൊണ്ടോ സമ്പുഷ്ടമായ ഭക്ഷ്യപദാർഥങ്ങളാണിവ. 'കണ്ടുപിടിക്കപ്പെട്ട' ഇവയിൽ പലതും വനവാസികൾ തലമുറകളായി കൃഷിചെയ്ത് ഉപയോഗിച്ചുപോരുന്ന പരമ്പരാഗത ഭക്ഷ്യവസ്തുക്കളാണ് – ആമസോണിൽനിന്നുള്ള കിനോവ, അസായ് പഴങ്ങൾ, ചിയ, ഇന്ത്യയിൽനിന്നുള്ള ചെറുധാന്യങ്ങൾ (മില്ലെറ്റ്) എല്ലാം ഇതിൽപ്പെടും. പലപ്പോഴും ഇവ നാമെടുക്കുന്ന സംസ്കാരങ്ങളോട് പരിഗണനകൾ ഒന്നുമേയില്ലാതെതന്നെ നാഗരിക സംസ്കാരങ്ങൾ ഇവയെ ഏറ്റെടുക്കുന്നു. ഈ ഭക്ഷ്യവസ്തുക്കൾ ഓരോന്നായി വാണിജ്യവത്കരിക്കപ്പെടുകയും അവയുടെ കമ്പോളനിലവാരം ഉയരുകയും ചെയ്യുമ്പോൾ തദ്ദേശീയ സമൂഹങ്ങൾക്ക് ഇവയുടെ ഉപഭോഗം കൊക്കിലൊതുങ്ങാതെയാകുന്നു.

തദ്ദേശീയ സമൂഹങ്ങൾ ഓരോ ദേശത്തിൻെറയും പ്രത്യേകമായ കാലാവസ്ഥയെ അതിൻെറ ചെറിയ വിശദാംശങ്ങളിൽപ്പോലും അറിയുകയും അതിനോട് പ്രതികരിക്കുകയും ചെയ്യുന്നുണ്ട്. മറ്റിടങ്ങളിൽ നാശംവിതച്ച 2004-ലെ സുനാമിയിൽനിന്ന് ആൻഡമാനിലെ തദ്ദേശീയ സമൂഹങ്ങളിലൊന്നായ ജാറവകൾ രക്ഷപ്പെട്ട കാര്യം അവരെ ആഗോളശ്രദ്ധയിൽ കൊണ്ടുവന്നിരുന്നല്ലോ. മുൻകാലങ്ങളിലുണ്ടായ ദുരന്തങ്ങളുടെ ഒരു സഞ്ചിതസ്മരണ സമൂഹങ്ങൾക്കുള്ളിൽ നിലനിൽക്കുന്നുണ്ടെന്നും വർത്തമാനകാലത്ത് അത് അവരെ കൂടുതൽ തയ്യാറെടുപ്പുള്ളവരായി മാറ്റുന്നുണ്ടെന്നും ഈ ദ്വീപുകളിൽ പ്രവർത്തിക്കുന്ന നരവംശശാസ്ത്രജ്ഞർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കാടുകളെ പരിപാലിക്കുന്നതിനും ഈ സമൂഹങ്ങളുമായി ബന്ധപ്പെടുന്നത് നല്ലതാണെന്നത് തികച്ചും വ്യക്തമാണല്ലോ.

**കാലാവസ്ഥയുടെ പകതീർക്കൽ സാമ്പത്തികസുരക്ഷിതത്വം അനുഭവിക്കുന്നവരെക്കാൾ നേരിടേണ്ടിവരുക സമൂഹത്തിലെ പാർശ്വവത്കൃതരാണ്. ആമസോൺ കാടുകളിലെ അഗ്നിബാധ ഇത് വീണ്ടും തെളിയിച്ചിട്ടുണ്ട്.**

ദേശം, അനുഭവം എന്നിവയിലുള്ള ജ്ഞാനം കൈമുതലായുള്ളപ്പോഴും തദ്ദേശീയജനതയെ വനസംരക്ഷണത്തിൽനിന്നും പരിപാലനത്തിൽനിന്നും എപ്പോഴും മാറ്റിനിർത്താറേയുള്ളൂ. അതുമാത്രമല്ല, ഇന്ത്യയുടെ ഏറ്റവും കൊട്ടിഘോഷിക്കപ്പെട്ട സംരക്ഷിതവനശൃംഖല – കടുവാസംരക്ഷണകേന്ദ്രങ്ങൾ – തദ്ദേശീയ സമൂഹങ്ങളെ പരമ്പരാഗത വനവിഭാഗങ്ങൾക്കുപുറത്തുള്ള കൂടുതൽ ദരിദ്രമായതോ നാഗരികമായതോ ആയ ഇടങ്ങളിലേക്ക് തള്ളുകയാണ് ചെയ്തിട്ടുള്ളത്. യു.എന്നിൻെറ അടുത്തിടെ വന്ന *കോർണേഡ് ബൈ പി എസ്* (Cornered by Protected Areas) എന്ന റിപ്പോർട്ടിൽ സംരക്ഷിതഭൂമിയും തദ്ദേശീയ, പ്രാദേശിക സമൂഹങ്ങളുടെ ഭൂമിയും 50 മുതൽ 80 ശതമാനംവരെ തമ്മിൽ കലർന്നാണ് കിടക്കുന്നതെന്ന് കണക്കാക്കിയിട്ടുണ്ട്. ''ദരിദ്രർ ധാരാളമായി വസിക്കുന്ന ഭൂവിഭാഗങ്ങൾ പലപ്പോഴും ജൈവസമ്പുഷ്ടമാണ്'' എന്ന് *കൺസർവെഷൻ ഫ്രം ദി മാർജിൻസ്* എന്ന ഗ്രന്ഥത്തി ▶



കടലുണ്ടി–വള്ളിക്കുന്ന് കമ്യൂണിറ്റി റിസർവ്

▶ ൻെറ ആമുഖക്കുറിപ്പിൽ ഡോ. മഹേഷ് രംഗരാജൻ പരാമർശിക്കുന്നുണ്ട്.

പ്രകൃതി എപ്പോഴും എല്ലാ മനുഷ്യരുമായും ഏറ്റുമുട്ടലിൽ ഏർപ്പെട്ടിരിക്കുകയാണ് എന്ന അനുമാനത്തിൻെറ അടിത്തറയിലാണ് സംരക്ഷണത്തിൻെറ ആദ്യകാല ആശയങ്ങൾ പടുത്തുയർത്തിയിട്ടുള്ളത്. പരിസ്ഥിതിശാസ്ത്രം, പാരിസ്ഥിതിക ജീവശാസ്ത്രം ഇവയിൽ പരമ്പരാഗതമായ ശിക്ഷണം മാത്രം ലഭിച്ച ഞാനും ഈ കാഴ്ചപ്പാടിനെ ആദ്യമൊക്കെ ശരിവെച്ചിരുന്നു. മാറ്റം വരുന്നുണ്ടെങ്കിലും ഈ മനോഭാവം നമ്മുടെ ചിന്തകളിൽ എത്ര ആഴത്തിലാണ് വേരോടിയിട്ടുള്ളതെന്നത് ഭയാവഹമാണ്. ഈയിടെ പ്രശസ്തമായ ഒരു ദേശീയോദ്യാനത്തിൽ ആത്മരക്ഷയ്ക്ക് കയ്യിലൊരു കുന്തവുമായി പ്രധാനമന്ത്രി നരേന്ദ്രമോദി പ്രവേശിക്കുന്നത് സംപ്രേഷണം ചെയ്തിരുന്നല്ലോ. യാഥാർഥ്യത്തെ ഇത് എത്ര തെറ്റായാണ് പ്രതിനിധാനംചെയ്യുന്നതെന്ന് വർത്തമാനകാലത്തെ പ്രകൃതിസംരക്ഷകർ നിരീക്ഷിക്കുകയുണ്ടായി. ഇത്തരം ഭൂവിഭാഗങ്ങളിൽ ജീവിക്കുന്ന തദ്ദേശീയജനത നിത്യവുമെന്നപോലെ നിരായുധരായി കാട്ടിൽ കയറുകയും പരിക്കുകളൊന്നുമില്ലാതെതന്നെ പുറത്തുകടക്കുകയും ചെയ്യാറുണ്ട്. തീർച്ചയായും വിളകൾ നശിപ്പിക്കലും വീട്ടുമൃഗങ്ങളുടെ നഷ്ടവും ചിലപ്പോഴൊക്കെ മനുഷ്യജീവൻെറതന്നെ നാശവും പ്രകൃതിയിൽ വന്യമൃഗങ്ങളുമായി മുഖാമുഖം വരുമ്പോൾ സംഭവിക്കാറുണ്ട്. കാട്ടിൽ ചെറിയതോതിലുള്ള വെട്ടിത്തെളിക്കലിനും മാംസവേട്ടയ്ക്കും ഈ സമൂഹങ്ങൾ കാരണമാകാറുണ്ടെന്നതും ശരിതന്നെ. എങ്കിലും ബോധപൂർവമുള്ള, പരസ്പരബഹുമാനത്തോടെയുള്ള സഹജീവനത്തിൻെറ രേഖപ്പെടുത്താതെപോകുന്ന കഥകളാണ് കൂടുതൽ കണ്ടുവരുന്നത്.

**2007-ൽ സ്ഥാപിതമായ കടലുണ്ടി-വള്ളിക്കുന്ന് കമ്യൂണിറ്റി റിസർവ് ജനപങ്കാളിത്തത്തോടെയുള്ള കേരളത്തിൻെറ പ്രഥമ സംരക്ഷിതമേഖലയാണ്; വിനോദസഞ്ചാരത്തിൽനിന്നുള്ള വരുമാനം ഇവിടെ നാട്ടുകാർക്കുതന്നെ ലഭിക്കുന്നു.**

സംരക്ഷിതമേഖലകളെ രാവണൻകോട്ടകളായി പ്രഖ്യാപിക്കുകയും വിട്ടുവീഴ്ചയില്ലാത്ത സംരക്ഷണത്തിൻെറപേരിൽ തദ്ദേശീയ ജനതയെ പുറംതള്ളുകയും ചെയ്യുന്നത് പാരിസ്ഥിതികനീതിയിൽ ഒരു വിഷമസന്ധി സൃഷ്ടിക്കുന്നുണ്ട്. COP21 (യു.എൻ. നിർദേശിച്ചിട്ടുള്ള കാർബൺ വിസർജന പരിധി) പോലുള്ള ആഗോളലക്ഷ്യങ്ങൾ നേടാനുള്ള നെട്ടോട്ടത്തിൽ ഗവൺമെൻറുകൾ വനസംരക്ഷണത്തിൻെറപേരിൽ തദ്ദേശീയസമൂഹങ്ങളെ പുറംതള്ളുമ്പോൾ കാലാവസ്ഥാസമസ്യകൾ പരിഹരിക്കപ്പെടുകയല്ല, ഉണ്ടാവുകയാണ് ചെയ്യുന്നത്. വലിയ നഗരങ്ങൾ വ്യാവസായികതലത്തിൽ അന്തരീക്ഷമാലിന്യങ്ങൾ പുറന്തള്ളുന്നതാണ് ഇന്നത്തെ കാലാവസ്ഥാപ്രതിസന്ധിക്ക് കാരണം–ഈ ലേഖനം ഞാനിപ്പോൾ ഇരുന്നെഴുതുന്ന ഇടവും, ഇത് അച്ചടിക്കപ്പെടുന്നതും അയയ്ക്കപ്പെടുന്നതും എത്തുന്നതും വായിക്കപ്പെടുന്നതുമായ ഇടങ്ങളുമെല്ലാം ഇതിൽപ്പെടും. ആഗോളവ്യവസായങ്ങളും ഉപഭോഗസംസ്കാരവും പടർന്ന ഇടങ്ങൾ. സ്വന്തം പാർപ്പിടത്തിൽ ചൂടുപകരാനായി മരംമുറിക്കുകയും വീട്ടാവശ്യത്തിനുവേണ്ടി വേട്ടയാടുകയും ബീഡിക്കമ്പോളത്തിനുവേണ്ടി ടെൻഡു ഇലകൾ ശേഖരിക്കുകയും ചെയ്യുന്ന

ഒരു വനവാസി അവശേഷിപ്പിച്ചുപോകുന്ന കാർബൺ പാദമുദ്രകരം താരതമ്യേന വളരെ കുറവാണ്. പോരാതെ, കാലാവസ്ഥയുടെ പകതീർക്കൽ സാമ്പത്തികസുരക്ഷിതത്വം അനുഭവിക്കുന്നവരെക്കാരം നേരിടേണ്ടിവരുക സമൂഹത്തിലെ പാർശ്വവത്കൃതരാണ്. ആമസോൺ കാടുകളിലെ അഗ്നിബാധ ഇത് വീണ്ടും തെളിയിച്ചിട്ടുണ്ട്; തദ്ദേശീയ സമൂഹങ്ങരംക്കാണ് അവിടെ ഏറ്റവും കൂടുതൽ നഷ്ടങ്ങരം അനുഭവിക്കേണ്ടിവന്നത്. മനുഷ്യരെ മാറ്റിത്താമസിപ്പിക്കുകയും കാലാവസ്ഥയുടെപേരിൽ ജീവനോപായങ്ങരം മാറ്റാൻ നിർബന്ധിതരാക്കുകയും ചെയ്യുന്നത് അവരുടെ ഭക്ഷണത്തിൻെറയും ജീവൻെറതന്നെയും സുരക്ഷയ്ക്ക് ഭീഷണിയാകുന്നുണ്ട്. കാലാവസ്ഥാപ്രതിസന്ധിക്ക് വനവാസിസമൂഹങ്ങളല്ല പ്രധാന കാരണക്കാർ എന്നുമാത്രമല്ല പ്രതിസന്ധിയുടെ പ്രധാന ഇരകരം അവരാണുതാനും. എന്നിരിക്കെ പാരിസ്ഥിതികനീതിയും ഭൂമിയവകാശങ്ങളും ദേശീയതലത്തിലുള്ള കാലാവസ്ഥാ, സംരക്ഷണ ലക്ഷ്യങ്ങളുമെല്ലാം നാം എങ്ങനെയാണ് യോജിപ്പിച്ച് കൊണ്ടുപോവുക?


തദ്ദേശീയസമൂഹങ്ങരം കൂടുതൽ കാര്യക്ഷമതയോടെ വനഭൂമി പരിപാലിക്കുന്നവരും പ്രകൃതിസംരക്ഷകരും വനഭൂമിയിൽ കൂടുതൽ ശക്തമായ അവകാശങ്ങളുള്ളവരും ആണെന്നും അവർ കൂടുതൽ ശോഭനമായ ഫലങ്ങരം ജൈവവൈവിധ്യത്തിനും ആവാസവ്യവസ്ഥാസേവനങ്ങരംക്കും സമ്മാനിക്കുമെന്നും ഗവേഷണഫലങ്ങരം ചൂണ്ടിക്കാണിക്കുന്നുണ്ട്. പങ്കാളിത്തത്തോടെയുള്ള പ്രകൃതിസംരക്ഷണത്തിൻെറ ഉദാഹരണം നമ്മുടെതന്നെ വീട്ടുമുറ്റത്തുണ്ട്. 2007-ൽ സ്ഥാപിതമായ കടലുണ്ടി-വള്ളിക്കുന്ന് കമ്യൂണിറ്റി റിസർവ് ജനപങ്കാളിത്തത്തോടെയുള്ള കേരളത്തിൻെറ പ്രഥമ സംരക്ഷിതമേഖലയാണ്; വിനോദസഞ്ചാരത്തിൽനിന്നുള്ള വരുമാനം ഇവിടെ നാട്ടുകാർക്കുതന്നെ ലഭിക്കുന്നു. അരുണാചൽപ്രദേശിൽ ഈയിടെ സ്ഥാപിച്ച സിങ്ചുങ് ബുഗുൻ കമ്യൂണിറ്റി റിസർവും ഇതിനൊരു മികച്ച ഉദാഹരണമാണ്-ദേശീയതലത്തിൽ അംഗീകരിക്കപ്പെട്ട സംരക്ഷിതമേഖലയാണ് സമൂഹത്തിൻെറ കൈവശമുള്ള ഈ കാട് എങ്കിലും ബുഗുൻ ഗോത്രക്കാരാണ് അത് നടത്തിക്കൊണ്ടുപോവുകയും കാവൽക്കാരായി പ്രവർത്തിക്കുകയും ചെയ്യുന്നത്. വരുമാനം ഉണ്ടാക്കുന്നതിലുപരി തദ്ദേശീയജനതയോ നാട്ടുകാരോ നോക്കിനടത്തുന്ന വിവിധോപയോഗങ്ങളുള്ള സംരക്ഷിതവനങ്ങളിൽ കാട്ടുതീ ഉണ്ടാകാനുള്ള സാധ്യത ഗവൺമെൻറ് നടത്തിപ്പുകാരായുള്ള കർശന സുരക്ഷിത വനങ്ങളെ അപേക്ഷിച്ച് കുറവാണെന്നും ഏഷ്യയിലും ലാറ്റിൻ അമേരിക്കയിലും നടന്ന ഒരു പഠനം അവകാശപ്പെടുന്നുണ്ട്.

2006-ൽ ഇന്ത്യ നടപ്പാക്കിയ വനഭൂമിയവകാശ നിയമം വനവാസികരംക്ക് ഭൂമിപരിപാലനത്തിൽ കൂടുതൽ സ്വയംഭരണാവകാശം നൽകിയ ഒരു ചരിത്രപരമായ കോടതിവിധിയായിരുന്നു. വനവാസികരം കാട് ഉപയോഗിക്കുന്നതിന് നിയമസാധുത നൽകുകയും 'കടന്നുകയറ്റക്കാർ' എന്ന നിയമപരമായ വിശേഷണം അസാധുവാക്കുകയും വനഭൂമിയുടെ ഭരണത്തെ വികേന്ദ്രീകരിക്കുകയുംചെയ്തു അത്. എന്നാൽ 2019-ൽ സമർപ്പിക്കപ്പെട്ട ഭേദഗതിക്കായുള്ള ഒരു അപേക്ഷ വനഭൂമിയുടെ അവകാശത്തിൽ സംസ്ഥാന നിയന്ത്രണം കൂടുതലാക്കണമെന്ന് പറയുന്നു. പാരിസ്ഥിതികനീതിയുടെ ഭാഗത്തുനിന്ന് നോക്കുമ്പോരം വനഭൂമി പരിപാലിക്കാനുള്ള തദ്ദേശീയരുടെ അവകാശം സംരക്ഷിക്കുകമാത്രമാണ് മുൻപോട്ടുള്ള മാർഗം. മാത്രമല്ല, വനങ്ങരം പുനഃസ്ഥാപിക്കുന്നതിനോടൊപ്പം അവകാശങ്ങരം നിഷേധിക്കപ്പെട്ട ഈ സമൂഹങ്ങരംക്ക് സ്വയംഭരണാവകാശം നല്കുന്നതുകൂടിയാണ് ജൈവവൈവിധ്യം മടക്കിക്കൊണ്ടുവരാനുള്ള ഏറ്റവും നല്ല മാർഗം.

ആൻഡമാൻ ദ്വീപുകളിലെ ഫീൽഡ് ഇക്കോളജി പ്രവർത്തനങ്ങരംക്കിടയിൽ ഞാൻ നിത്യമെന്നോണം കാടുമായി ബന്ധപ്പെട്ട് ജീവിക്കുന്ന സമൂഹങ്ങളുമായി ഇടപെടാറുണ്ട്. പലയിടത്തുനിന്നും വന്ന് ദ്വീപുകളിൽ പാർപ്പുറപ്പിച്ചിരിക്കുന്നവരിൽ 'റാഞ്ചി' എന്ന പൊതുനാമധേയത്താൽ അറിയപ്പെടുന്ന മധ്യേന്ത്യൻ ഗോത്രങ്ങളുടെ പിന്മുറക്കാരും കാരെൻ ബർമീസ് ഗോത്രത്തിൽപ്പെട്ടവരുമാണ് എപ്പോഴും ഫീൽഡ് ടെക്നീഷ്യന്മാരായി നിയമിക്കപ്പെടുക. ദ്വീപുകളിലെ കാടുകളിലും കടലിലും വളർന്ന അവർ, ഞാൻ വായിച്ചോ അല്ലെങ്കിൽ ഒരു മിന്നൽക്കാഴ്ചയിലൂടെയോ മാത്രം അനുഭവിച്ചിട്ടുള്ളതെല്ലാം തന്നെ തൊട്ടവരും രുചിച്ചവരുമാണ്. 'ഫീൽഡ് അസിസ്റ്റൻറ്സ്' എന്നാണ് അവരെ വിളിക്കുന്നതെങ്കിലും പരിസ്ഥിതിശാസ്ത്രത്തെക്കുറിച്ച് അവർ പകർന്നുതന്ന അറിവിനോളം അറിവ് ഒരു ടെക്സ്റ്റ്ബുക്കും എനിക്ക് തന്നിട്ടില്ല. ■


ജീവിതത്തിന്റെ
വിസ്മയ
രഹസ്യങ്ങൾ


ഗൗർ ഗോപാൽ ദാസ്



₹280

വിവർത്തനം : സെനു കുര്യൻ ജോർജ്

നിക്കോസ്
കാസൻദ്സാക്കിസ്
ഗ്രെക്കോ മുത്തച്ഛനുള്ള
കുറിമാനം



₹600

വിവർത്തനം : തോമസ് ജോർജ് ശാന്തിനഗർ

Olive-pub
ഒലിവ് പബ്ലിക്കേഷൻ
olivepublication1
www.olivepublication.com

ഒലിവ് പബ്ലിക്കേഷൻസ് പ്രൈ ലിമിറ്റഡ്
കൊയപ്പത്തൊടി പ്ലാസ
ഈസ്റ്റ് നടക്കാവ്
കോഴിക്കോട് - 673 011
ഫോൺ: 0495 2765871